**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഓടന്നൂർ, എഴുത്തോംപാറ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16/09/2019 തീയതിയിലെ PWD001-12/APR-5/2019/KIIFB ഉത്തരവ് പ്രകാരം 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും, 5.8 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികളിലൂടെ 28/11/2020 തീയതിയിലെ എഗ്രിമെന്റ് നമ്പർ 29/PWD001-12/PD/PMU-KRFB/2020-21 പ്രകാരം M/s മലബാർ ടെക്ക് എന്ന കരാർ കമ്പനിയുമായി കരാർ ഉടമ്പടി ഒപ്പുവെച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ 19/7/2022 തീയതിയിലെ 287/PWD001-12/PD/PMU-KRFB/68B/PLKD/2018 ഉത്തരവ് പ്രകാരം കരാറുകാരനെ നഷ്ടോത്തരവാദിത്തം ഇല്ലാതെ വർക്ക് ഫോർക്ലോസ് ചെയ്ത് ഒഴിവാക്കിയിരുന്നു. ബാലൻസ് പ്രവൃത്തിക്ക് 13/03/2024 തീയതിയിലെ PWD001-12/APR-1/2024/KIIFB ഉത്തരവ് പ്രകാരം 14.36 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ സാമ്പത്തിക അനുമതി റിപ്പോർട്ടിലെ നിർദ്ദേശം പ്രകാരം സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പാലക്കാട് കെ.ആർ.ഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടിയശേഷം ബാലൻസ് വർക്കിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16/09/2019 തീയതിയിലെ PWD001-12/APR-5/2019/KIIFB ഉത്തരവ് പ്രകാരം 11.7 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. എന്നാൽ കിഫ്ബി അംഗീകരിച്ച സാമ്പത്തിക അനുമതിയിൽ ലാൻഡ് അക്വിസിഷനുള്ള തുക ഉണ്ടായിരുന്നില്ല, ലാൻഡ് അക്വിസിഷനുള്ള തുക ഉൾപ്പെടുത്തി 13.03.2024 തീയതിയിലെ PWD001-12/APR-1/2024/KIIFB ഉത്തരവ് പ്രകാരം 16.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ സാമ്പത്തിക അനുമതി റിപ്പോർട്ടിലെ നിർദ്ദേശം പ്രകാരം സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പാലക്കാട് കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ